**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2737** **28-02-2023 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടും കുട്ടികൾ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പട്ടുവത്ത് ഒരു എം.ആർ.എസ്. പ്രവർത്തിക്കുന്നുണ്ട്. പെരിങ്ങോം എം.ആർ.എസ്സിൽ നിന്നും 10 കിലോമീറ്റർ അകലെയല്ലാതെ കാസർഗോഡ് ജില്ലയിലെ വെള്ളച്ചാലിൽ വകുപ്പിന്റെ കീഴിൽ മറ്റൊരു എം.ആർ.എസ്സും പ്രവർത്തിക്കുന്നുണ്ട്. ഇക്കാരണത്താൽ പെരിങ്ങോം എം.ആർ.എസ്. ലേയ്ക്ക് കുട്ടികളെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകുന്ന സഹചര്യമാണുള്ളത്. പ്രമുഖ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയും പട്ടികജാതി വികസന ഓഫീസർമാർ, എസ്.സി. പ്രൊമോട്ടർമാർ എന്നിവർ മുഖേന ശ്രമങ്ങൾ നടത്തിയെങ്കിലും മതിയായ കുട്ടികളെ ലഭിക്കാത്തത് കാരണം പെരിങ്ങോം എം.ആർ.എസ്സിൽ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തി വിദ്യാർഥികൾക്ക് ഉപയോഗപ്രദമാകുന്ന മറ്റ് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്ഥാപനത്തെ ഒരു മികച്ച തൊഴിൽ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ